**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 569** **28-06-2022 - ൽ മറുപടിയ്ക്ക്**

**സംസ്ഥാനത്ത് ആരംഭിച്ച പുതിയ വ്യവസായങ്ങൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ .പി. കെ. ബഷീർ | | ശ്രീ. പി. രാജീവ്<br>(നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി) | |
| (എ) | ഈ സർക്കാരിന്റെ കാലയളവിൽ സംസ്ഥാനത്ത് ആരംഭിച്ച പുതിയ വ്യവസായങ്ങൾ ഏതെല്ലാം ആണെന്ന് വ്യക്തമാക്കാമോ; ഇതിലൂടെ എത്ര തൊഴിലവസരങ്ങൾ സൃഷ്ടിക്കാൻ സാധിച്ചു; വിശദാംശം നൽകുമോ; | (എ) | ഭക്ഷ്യ സംസ്കരണ മേഖല, വസ്ത്ര നിർമാണ മേഖല, ജനറൽ എഞ്ചിനീയറിംഗ് മേഖല, സേവന മേഖല, കച്ചവട മേഖല, പേപ്പർ ഉൽപ്പന്ന വ്യവസായ മേഖല എന്നീ മേഖലകളിൽ സംരംഭങ്ങൾ ആരംഭിച്ചിട്ടുണ്ട്. ഇതിലൂടെ ഈ സർക്കാരിന്റെ കാലയളവിൽ വ്യവസായ വാണിജ്യ ഡയറക്ടറേറ്റ് വഴി പുതുതായി ആരംഭിച്ച സൂക്ഷ്മ ചെറുകിട ഇടത്തരം മേഖലയിലുള്ള 35,480 സംരംഭങ്ങളിലൂടെ 1,00,184 തൊഴിലവസരങ്ങൾ സൃഷ്ടിച്ചിട്ടുണ്ട്. കേരള സംസ്ഥാന വ്യവസായ വികസന കോർപ്പറേഷൻ മുഖേന 132 വൻകിട, ചെറുകിട ഇടത്തരം സംരംഭങ്ങൾക്ക് ലോൺ ലഭ്യമാക്കുകയും പ്രസ്തുത സംരംഭങ്ങൾ സമർപ്പിച്ച പ്രോജക്ട് റിപ്പോർട്ട് പ്രകാരം ഏകദേശം 895 കോടി രൂപയുടെ നിക്ഷേപവും 2959 പേർക്ക് തൊഴിലവസരവും കണക്കാക്കപ്പെടുന്നു. കേന്ദ്ര പൊതുമേഖലാ സ്ഥാപനമായ ഹിന്ദുസ്ഥാൻ ന്യൂസ് പ്രിന്റ് ലിമിറ്റഡിനെ സംസ്ഥാന സർക്കാർ ഏറ്റെടുത്ത് കേരള പേപ്പർ പ്രോഡക്ട്സ് ലിമിറ്റഡ് എന്ന പേരിൽ പുനർ നാമകരണം ചെയ്ത് പ്രവർത്തനം തുടങ്ങിയിട്ടുണ്ട്. ടി സ്ഥാപനത്തിൽ 250 ആളുകൾക്ക് നേരിട്ടും 150 ആളുകൾക്ക് അല്ലാതെയും തൊഴിൽ നൽകി വരുന്നു. കൂടാതെ കിൻഫ്രയുടെ വ്യവസായ പാർക്കുകളിലായി വ്യവസായങ്ങൾ ആരംഭിക്കുന്നതിനായി 207 സംരംഭങ്ങൾക്ക് ഭൂമി അലോട്ട് ചെയ്തിട്ടുണ്ട്. പ്രസ്തുത യൂണിറ്റുകൾ പ്രവർത്തനസജ്ജമാകുമ്പോൾ 22171 ഓളം തൊഴിലവസരങ്ങൾ സൃഷ്ടപ്പെടുമെന്നാണ് കരുതുന്നത്. |
| (ബി) | പ്രസ്തുത വ്യവസായങ്ങൾ ആരംഭിച്ചതിലൂടെ സംസ്ഥാനത്ത് ഉണ്ടായ നേട്ടങ്ങൾ എന്തെല്ലാമാണ് വ്യക്തമാക്കാമോ; | (ബി) | സൂക്ഷ്മ ചെറുകിട ഇടത്തരം മേഖലയിൽ സംരംഭങ്ങൾ ആരംഭിച്ചതിലൂടെ 1,00,584 തൊഴിലവസരങ്ങളാണ് സൃഷ്ടിക്കപ്പെട്ടിട്ടുള്ളത്. ഇത്തരത്തിൽ MSME സംരംഭങ്ങൾ ആരംഭിക്കുന്നതിലൂടെ പരോക്ഷമായും നിരവധി തൊഴിലവസരങ്ങൾ സൃഷ്ടിക്കപ്പെടുന്നുണ്ട്. |

| | | | |
|---|---|---|---|
| | | | ഇതിലൂടെ സർക്കാരിന് നികുതിയിനത്തിലും വരുമാനം ലഭിക്കുന്നതാണ്. കൂടാതെ സംസ്ഥാനത്തിന്റെ മൊത്ത ആഭ്യന്തര ഉൽപ്പാദനവും വർധിക്കുന്നു. കൂടാതെ പ്രാദേശികമായ വിഭവങ്ങളുടെ മൂല്യവർധനവും അത് വഴി പ്രാദേശികമായ സാമ്പത്തിക വികസനവും സൂക്ഷ്മ ചെറുകിട ഇടത്തരം മേഖലയിലെ സംരംഭരൂപീകരണത്തിലൂടെ സംഭവിക്കുന്നുണ്ട്. കിൻഫ്രയുടെ കീഴിൽ അലോട്ട് ചെയ്ത207 സംരംഭങ്ങൾ പ്രവർത്തനസജ്ജമാകുന്നതിലൂടെ 22171 ഓളം തൊഴിലവസരങ്ങളും 1599.66 കോടി രൂപയുടെ സ്വകാര്യ നിക്ഷേപവും പ്രതീക്ഷിക്കുന്നു. |
| (സി) | പുതിയ വ്യവസായങ്ങൾ തുടങ്ങുന്നതിന് ഏക ജാലക സംവിധാനം ആരംഭിച്ചിട്ടുണ്ടോ; വിശദാംശം നൽകുമോ; | (സി) | ഉണ്ട്.<br><br>1999-ലെ കേരള വ്യവസായ ഏകജാലക ക്ലിയറൻസ് ബോർഡുകളും വ്യവസായ നഗരപ്രദേശ വികസനവും ആക്ട് വഴി കേരളത്തിൽ വ്യവസായങ്ങൾക്കായുള്ള ഏകജാലക ലൈസൻസ് സംവിധാനം നിലവിൽ വന്നിട്ടുണ്ട്. 2018-ലെ നിക്ഷേപം പ്രോത്സാഹിപ്പിക്കലും സുഗമമാക്കലും നിയമം, 2019-ലെ കേരള വ്യവസായ ഏകജാലക ക്ലിയറൻസ് ബോർഡുകളും വ്യവസായ നഗര പ്രദേശ വികസനവും (ഭേദഗതി) ആക്റ്റ് എന്നിവ വഴി ഈ ആക്ടിന് ഭേദഗതികൾ ഉണ്ടായിട്ടുണ്ട്. ഈ നിയമത്തിന്റെ ഭാഗമായി സംസ്ഥാന തലത്തിൽ ചീഫ് സെക്രട്ടറിയുടെ അദ്ധ്യക്ഷതയിൽ കേരളാ സംസ്ഥാന ഏകജാലക ക്ലിയറൻസ് ബോർഡുകളും, ജില്ലാ കളക്ടർമാരുടെ അദ്ധ്യക്ഷതയിൽ ജില്ലാ തല ഏകജാലക ക്ലിയറൻസ് ബോർഡുകളും നിലവിലുണ്ട്. 15 കോടിയുടെ നിക്ഷേപം വരുന്ന പദ്ധതികൾ തുടങ്ങുന്നവർക്ക് ജില്ലാ ബോർഡിനെയും, അതിനുമുകളിൽ നിക്ഷേപം വരുന്ന പദ്ധതികൾ ആരംഭിക്കുന്നതിനു സംസ്ഥാന ബോർഡിനെയും ആണ് സമീപിക്കേണ്ടത്. ഇവ കൂടാതെ വ്യവസായ പ്രദേശങ്ങളിലും ഏകജാലക ക്ലിയറൻസ് ബോർഡുകളും രൂപീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നുണ്ട്. വ്യവസായ അനുമതികൾ വേഗത്തിൽ സുതാര്യമായി ലഭ്യമാക്കുന്നതിന് ഏകജാലക സംവിധാനം സംരംഭകരെ സഹായിക്കുന്നു. ഏകജാലക സംവിധാനം മുഖേനയുള്ള അനുമതികൾക്കുള്ള അപേക്ഷകൾ ഓൺലൈനായി സമർപ്പിക്കുന്നതിന് KSWIFT പോർട്ടലും പ്രവർത്തന സജ്ജമാണ്.<br><br>കേരളത്തിൽ ബിസിനസ്സ് നടത്തുന്നത് സുഗമമാക്കുക എന്ന ഉദ്ദേശത്തോടുകൂടി വ്യവസായ സംരംഭകർ |

| | | | |
|---|---|---|---|
| | | | ലൈസൻസുകളും, ക്ലിയറൻസുകളും ലഭ്യമാക്കുന്നതിന് സഹായകരമായ വിധത്തിൽ 2017-ലെ 22-ാമത് നമ്പർ ഓർഡിനൻസായി "കേരള ഇൻവെസ്റ്റ്മെന്റ് പ്രൊമോഷൻ ആന്റ് ഫെസിലിറ്റേഷൻ ഓർഡിനൻസ് " സർക്കാർ പുറപ്പെടുവിക്കുകയും പ്രസ്തുത ഓർഡിനൻസ് നിയമസഭയിൽ ബിൽ ആയി അവതരിപ്പിച്ച് നിയമമാക്കുകയും ചെയ്തു. ഇതുമായി ബന്ധപ്പെട്ട് പ്രവർത്തിക്കുന്ന വിവിധ വകുപ്പുകളെ ഏകോപിപ്പിച്ച് ഒരു സംരംഭത്തിനാവശ്യമായ എല്ലാ ലൈസൻസുകളും ക്ളിയറൻസുകളും ഓൺലൈൻ ഏകജാലക സംവിധാനത്തിലൂടെ ലഭ്യമാക്കുന്നതിന് പുതിയ സോഫ്റ്റ് വെയർ K-SWIFT പ്രവർത്തനമാരംഭിച്ചിട്ടുണ്ട്.<br><br>2019-ലെ കേരള സൂക്ഷ്മ-ചെറുകിട-ഇടത്തരം വ്യവസായ സ്ഥാപനങ്ങൾ സുഗമമാക്കൽ ആക്ട് നിയമസഭ അംഗീകരിക്കുകയും തുടർന്ന് നിയമം നടപ്പിൽ വരികയും ചെയ്തു. ഈ നിയമപ്രകാരം സംസ്ഥാന നിയമങ്ങൾ പ്രകാരമുള്ള അനുമതികളിൽ നിന്ന് 10 കോടി രൂപ വരെ നിക്ഷേപമുള്ള സംരംഭങ്ങളിൽ സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡിന്റെ റെഡ് കാറ്റഗറിയിൽ ഉൾപ്പെടാത്തവയെ 3 വർഷത്തേയ്ക്ക് ഒഴിവാക്കുന്നു. നിക്ഷേപം സംബന്ധിച്ച് സംരംഭകൻ സമർപ്പിക്കുന്ന സ്വയം സാക്ഷ്യപത്രം ഓൺലൈൻ (കെ-സ്വിഫ്റ്റ്) മുഖാന്തിരം സ്വീകരിച്ച് ഭൗതിക പരിശോധന ഇല്ലാതെ ഉടൻ തന്നെ ജില്ലാ ഏകജാലക ക്ലിയറൻസ് ബോർഡു കൈപ്പറ്റ് സാക്ഷ്യപത്രം നൽകുന്നു. കൈപ്പറ്റ് സാക്ഷ്യപത്രം ലഭിച്ചാൽ മൂന്ന് വർഷം പ്രവർത്തിക്കാവുന്നതാണ്. മൂന്ന് വർഷത്തിനു ശേഷം 6 മാസത്തിനകം അനുമതികൾ സംരംഭകൻ കരസ്ഥമാക്കിയാൽ മതിയാകുന്നതാണ്. |
| (ഡി) | സംസ്ഥാനത്ത് 2016 മുതൽ ലാഭത്തിൽ പ്രവർത്തിക്കുന്ന പൊതു മേഖല സ്ഥാപനങ്ങളും നഷ്ടത്തിൽ പ്രവർത്തിക്കുന്ന പൊതു മേഖല സ്ഥാപനങ്ങളും ഏതൊക്കെ ആണെന്ന് വെളിപ്പെടുത്തുമോ? | (ഡി) | വ്യവസായ വകുപ്പിന്റെ അധീനതയിൽ 2016-17 മുതൽ തുടർച്ചയായി പ്രവർത്തന ലാഭത്തിൽ പ്രവർത്തിക്കുന്ന പൊതുമേഖലാ സ്ഥാപനങ്ങൾ<br><br>കേരള ആർട്ടിസാൻസ് ഡെവലപ്പ്മെന്റ് കോർപറേഷൻ ലിമിറ്റഡ്<br><br>കേരള മിനറൽസ് ആൻറ് മെറ്റൽസ് ലിമിറ്റഡ്<br><br>കേരള സ്റ്റേറ്റ് ഇലക്ട്രോണിക്സ് ഡെവല്പമെന്റ് കോർപറേഷൻ ലിമിറ്റഡ്<br><br>കേരള സ്റ്റേറ്റ് ഡ്രഗ്സ് ആന്റ് ഫാർമസ്യൂട്ടിക്കൽസ് ലിമിറ്റഡ്<br><br>ട്രാവൻകൂർ ടൈറ്റാനിയം പ്രോഡക്ട്സ് ലിമിറ്റഡ് |

| | | | |
|---|---|---|---|
| | | | സ്റ്റീൽ ഇൻഡസ്ട്രിയൽസ് കേരള ലിമിറ്റഡ്<br><br>കേരള സ്റ്റേറ്റ് വ്യവസായ വികസന കോർപ്പറേഷൻ<br><br>വ്യവസായ വകുപ്പിന്റെ അധീനതയിൽ 2016-17 മുതൽ തുടർച്ചയായി പ്രവർത്തന നഷ്ടത്തിൽ പ്രവർത്തിക്കുന്ന പൊതുമേഖലാ സ്ഥാപനങ്ങൾ<br><br>ഹാൻറിക്രാഫ്റ്റ് ഡെവലപ്പ്മെന്റ് കോർപ്പറേഷൻ (കേരള) ലിമിറ്റഡ്<br><br>ഹാൻടെക്സ്<br><br>സീതാറാം ടെക്സ്റ്റൈൽസ് ലിമിറ്റഡ്<br><br>തൃശ്ശൂർ കോപ്പറേറ്റീവ് സ്പിന്നിങ് മിൽസ് ലിമിറ്റഡ്<br><br>ട്രിവാൻഡ്രം സ്പിന്നിങ് മിൽസ് ലിമിറ്റഡ്<br><br>ട്രാവൻകൂർ സിമന്റ്സ് ലിമിറ്റഡ്<br><br>കൊല്ലം കോപ്പറേറ്റീവ് സ്പിന്നിങ് മിൽസ് ലിമിറ്റഡ്<br><br>കേരള സ്റ്റേറ്റ് ഹാൻഡ്ലൂം ഡെവലപ്മെന്റ് കോർപ്പറേഷൻ ലിമിറ്റഡ്<br><br>കേരള സ്റ്റേറ്റ് ബാംബൂ കോർപറേഷൻ ലിമിറ്റഡ്<br><br>കേരള സ്റ്റേറ്റ് ടെക്സ്റ്റൈൽസ് കോർപറേഷൻ ലിമിറ്റഡ്<br><br>കേരള സ്മാൾ ഇൻഡസ്ട്രീസ് ഡെവലപ്പ്മെന്റ് കോർപ്പറേഷൻ ലിമിറ്റഡ്<br><br>കേരള ആട്ടോമൊബൈൽസ് ലിമിറ്റഡ്<br><br>കെൽപാം<br><br>കണ്ണൂർ കോപ്പറേറ്റീവ് സ്പിന്നിങ് മിൽസ് ലിമിറ്റഡ്<br><br>ആട്ടോകാസ്റ്റ് ലിമിറ്റഡ്<br><br>SAIL SCL കേരള ലിമിറ്റഡ്<br><br>നിലവിൽ 21 പൊതുമേഖലാ സ്ഥാപനങ്ങൾ ലാഭത്തിലാണ്. |

സെക്ഷൻ ഓഫീസർ